ബജറ്റ് - 2025-26

# ആമുഖപ്രസംഗം



മാടക്കത്തറ ഗ്രാമപഞ്ചായത്തിന്റെ 2026 - 27 സാമ്പത്തിക വർഷത്തേക്കുള്ള ബഡ്ജറ്റ് യോഗത്തിലേക്ക് ഏവരെയും സ്വാഗതം ചെയ്യുന്നു.

ഒരു പ്രാദേശിക സർക്കാർ എന്ന നിലയിൽ ചുരുങ്ങിയ വിഭവ ലഭ്യതയിൽ നിന്ന് കൊണ്ടാണ് നമ്മുടെ ഗ്രാമപഞ്ചായത്ത് പ്രവർത്തിക്കുന്നത്. തനത് വരുമാനം 100% പിരിച്ചെടുക്കുന്നതിനും പദ്ധതിവിഹിതം 100% ചെലവഴിക്കുന്നതിനും കൂട്ടായ പ്രയത്നം വഴി നമുക്ക് സാധിച്ചിട്ടുണ്ട്.

സംസ്ഥാന ഗവൺമെൻറ് അനുവദിക്കുന്ന ബഡ്ജറ്റ് വിഹിതവും കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാൻറും നിബന്ധനകൾക്ക് വിധേയമായി ചെലവഴിക്കേണ്ടതുണ്ട്. ഇതിനാവശ്യമായ പദ്ധതികൾ തയ്യാറാക്കി വരുന്നു.

ഗ്രാമപഞ്ചായത്തിലെ എല്ലാ വിഭാഗം ജനങ്ങൾക്കും പരമാവധി പ്രയോജനപ്രദമായ പദ്ധതികളാണ് ഈ വർഷം ആസൂത്രണം ചെയ്യുന്നത്. വരുന്ന അഞ്ചുവർഷം കൊണ്ട് മാടക്കത്തറയുടെ മുഖച്ഛായ മാറ്റാൻ പോകുന്ന ഒട്ടേറെ പദ്ധതികൾ നടപ്പിലാക്കണമെന്ന ആഗ്രഹമാണ് ഭരണസമിതിക്കുള്ളത്.

തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള പ്രവർത്തന പരിപാടികൾ നടപ്പിലാക്കിയാൽ മാത്രമേ നമുക്ക് ഈ ലക്ഷ്യത്തിലെത്തുവാൻ സാധിക്കുകയുള്ളൂ.

ഇതിനാവശ്യമായ പ്രവർത്തന പദ്ധതികൾ തയ്യാറാക്കുന്നതിന് എല്ലാ വിഭാഗം ജനങ്ങളുടെയും സഹകരണം അഭ്യർത്ഥിക്കുന്നു.

ജനപ്രതിനിധികളുടെയും ജീവനക്കാരുടെയും കൂട്ടായ പ്രവർത്തനങ്ങൾ കൊണ്ട് മാടക്കത്തറയെ സംസ്ഥാനത്തെ ഏറ്റവും മികച്ച തദ്ദേശ സ്വയംഭരണ സ്ഥാപനമാക്കി മാറ്റുവാൻ കഴിയുമെന്ന് വിശ്വാസമാണ് എനിക്കുള്ളത്.

മാടക്കത്തറ ഗ്രാമപഞ്ചായത്തിന്റെ ഭാവി വികസനം ഈ ബഡ്ജറ്റിലൂടെ സാക്ഷാത്കരിക്കട്ടെ എന്ന് ആശംസിക്കുന്നു.

ശ്രീ.സണ്ണി ചെന്നിക്കര
പ്രസിഡൻറ് ,
മാടക്കത്തറ ഗ്രാമപഞ്ചായത്ത്



**ബജറ്റ് 2024-2025**

# അവതരണം

മാടക്കത്തറ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 2026-27 സാമ്പത്തിക വർഷത്തേയും, ഈ ഭരണസമിതിയുടെ ആദ്യത്തേയും ബജറ്റ് യോഗത്തിലേക്ക് എല്ലാവരെയും സ്വാഗതം ചെയ്യുന്നു. 2026 ലെ നിയമസഭ തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട പെരുമാറ്റച്ചട്ടം നടപ്പിൽ വരുന്നതിന് മുമ്പ് അടുത്ത വർഷത്തെ പ്രവർത്തനങ്ങൾക്ക് യാതൊരു ഭംഗവും വരാത്ത വിധം പദ്ധതി രൂപീകരിക്കുന്നതിന് നമുക്ക് സാധിച്ചിട്ടുണ്ട്. 2026 - 2027 വർഷം നമുക്ക് ലഭ്യമാകുന്ന എല്ലാ ഫണ്ടുകളും ഉൾപ്പെടുത്തി പഞ്ചായത്തിന്റെ സമസ്ത മേഖലകളുടെയും സമ്പൂർണ്ണമായ വികസനമാണ് ഈ ബജറ്റ് ലക്ഷ്യമിടുന്നത്.

മാടക്കത്തറ ഗ്രാമപഞ്ചായത്തിന്റെ പ്രധാന വരുമാന സ്രോതസ്സായ വസ്തു നികുതിക്കു പുറമേ തൊഴിൽ നികുതി, ലൈസൻസ് ഫീസ് എന്നിവയാണ് മറ്റ് സ്ഥായിയായ വരുമാനങ്ങൾ. ഇതിനു പുറമേ , ബിൽഡിംഗ് പെർമിറ്റ്, റെഗുലറൈസേഷൻ ഫീ, പിഴപ്പലിശ, മറ്റു യൂസർ ചാർജ്ജുകൾ, സർക്കാരിൽ നിന്നുമുള്ള ജനറൽ പർപ്പസ് ഗ്രാൻറ് ഉൾപ്പെടെയുള്ള തനതു വരുമാനത്തിൽ നിന്നാണ് ജീവനക്കാരുടെ ശമ്പളം, ജനപ്രതിനിധികളുടെ ഓണറേറിയം ,വൈദ്യുതി ചാർജ്ജ് ,മറ്റ് ദൈനംദിന ചെലവുകൾ,വാർഷിക പദ്ധതികളിലെ തനതു ഫണ്ട് പദ്ധതികളുടെ ചെലവുകൾ എന്നിവ വഹിക്കുന്നത്.

സംസ്ഥാന സർക്കാരിന്റെ പദ്ധതി അടങ്കലിൽ 60 ശതമാനവും പ്രാദേശിക സർക്കാരിലൂടെയാണ് വിനിയോഗിക്കുന്നതിനാൽ ഇപ്രകാരം ബജറ്റ് വിഹിതമായി സംസ്ഥാന സർക്കാർ അനുവദിക്കുന്ന വികസന ഫണ്ട്, എസ് സി പി ,കേന്ദ്ര ഫിനാൻസ് കമ്മീഷൻ ഗ്രാൻറ്ഫണ്ടുകളെയാണ് പ്രധാനമായും ആശ്രയിക്കുന്നത്. തൊഴിലുറപ്പ് പദ്ധതികളുമായി ബന്ധപ്പെട്ട ഫണ്ടുകളും,കേന്ദ്ര,സംസ്ഥാന ,ബ്ലോക്ക്, ജില്ലാ പഞ്ചായത്ത് വിഹിതവും , സംയുക്ത പദ്ധതികളും രൂപീകരിച്ച് മികച്ച രീതിയിൽ ഫണ്ട് വിനിയോഗിക്കുവാൻ ബജറ്റിലൂടെ ശ്രമം നടത്തിയിട്ടുണ്ട്.

സർക്കാർ, ഗ്രാമ/ ബ്ലോക്ക് /ജില്ലാ പഞ്ചായത്ത് ഫണ്ട്, ധനകാര്യ കമ്മീഷൻ ഗ്രാൻറ്, MLA മാരുടെ ആസ്തി വികസന ഫണ്ട്, പ്രത്യേക വികസന ഫണ്ട്, മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് പദ്ധതി, തീരദേശ റോഡ് പദ്ധതി എന്നിവയിൽ ഉൾപ്പെടുത്തി കഴിഞ്ഞ അഞ്ചുവർഷംകൊണ്ട് 250 കോടി രൂപയുടെ വികസന പദ്ധതികൾ നമ്മുടെ പഞ്ചായത്തിൽ നടപ്പിലാക്കി എന്ന സന്തോഷവും പങ്കുവയ്ക്കട്ടെ.

**2026-2027 വർഷത്തേക്കുള്ള ധനകാര്യ ബജറ്റ് മുൻബാക്കി 1,29,57,008/-രൂപ ഉൾപ്പെടെ 22,29,16,005 രൂപ വരവും 21,42,43,017/- രൂപ ചിലവും നീക്കി ബാക്കി 86,72,988/- രൂപയും പ്രതീക്ഷിച്ചു വിഭാവനം ചെയ്തു മിച്ച ബജറ്റ് ആണിത്.**

**നയസമീപനം**

ഭവന നിർമ്മാണം, മാലിന്യ നിർമ്മാർജ്ജനം , സ്ട്രീറ്റ്മെയിൻ വലിച്ച് തെരുവ് വിളക്കുകൾ സ്ഥാപിക്കൽ, ജലസുരക്ഷ, റോഡുകളുടെ വികസനം പാർശ്വവൽക്കരിക്കപ്പെട്ടവരുടെ ഉന്നമനം, സന്തുരണം എന്നിവയ്ക്ക് തുല്യ പ്രാധാന്യം നൽകുക എന്നതാണ് പഞ്ചായത്തിന്റെ നയസമീപനം

**പ്രധാനപ്പെട്ട ചെലവുകൾ**

**ബജറ്റിൽ സേവന മേഖലക്ക് 4,29,93,800/- രൂപയും ഉല്പാദന മേഖലക്ക് 89,89,500/-രൂപയും പശ്ചാത്തല മേഖലക്ക് 5,10,53,000/- രൂപയും, അനിവാര്യ ചുമതലകൾക്ക് 41,20,000/- രൂപയും വകയിരുത്തുന്നു**

കട്ടിലപ്പൂവ്വം ഗവൺമെൻറ് ഹൈസ്കൂളിൽ പുതിയ രണ്ട് കെട്ടിടങ്ങൾ ,കച്ചിത്തോട് ഡാം നവീകരണം ഒന്നാം ഘട്ടം പൂർത്തീകരണം, ഫാമിലി ഹെൽത്ത് സെൻറർ പുതിയ കെട്ടിടം, പൊങ്ങണം കാട് സബ് സെൻററിന് പുതിയ കെട്ടിടം ഗ്രാമപഞ്ചായത്തിലെ മുഴുവൻ പൊതുമരാമത്ത് റോഡുകളും ബി എം ബി സി നിലവാരത്തിലേക്ക് ഉയർത്തൽ എന്നിങ്ങനെ വിവിധ തരത്തിലുള്ള പദ്ധതികൾ നടപ്പിലാക്കാനും നമുക്ക് കഴിഞ്ഞു

മാടക്കത്തറ, വെള്ളാനിക്കര, കുറിച്ചിക്കര, അക്കരപ്പുറം, താണിക്കുടം തുടങ്ങിയ മേഖലകളിൽ നെൽകൃഷിക്കും കട്ടിലപ്പൂവ്വം, പുല്ലുകണ്ടം, കച്ചിത്തോട് മുതലായ മലയോര മേഖലകളിൽ നാണ്യവിളകൾക്കും സാധ്യതകൾ ഉള്ള ഗ്രാമപഞ്ചായത്താണ് നമ്മുടേത്. നെല്ല്, പച്ചക്കറി, പഴ വർഗ്ഗങ്ങൾ, കിഴങ്ങ് വർഗ്ഗങ്ങൾ , പയറു വർഗ്ഗങ്ങൾ എന്നിവയ്ക്ക് പുറമേ പശു വളർത്തൽ, ആടുവളർത്തൽ, മത്സ്യകൃഷി, കോഴി വളർത്തൽ , തേനീച്ച വളർത്തൽ, കമ്പോസ്റ്റ് നിർമ്മാണം, കൂൺ കൃഷി തുടങ്ങി സംയോജിത കൃഷിയുടെ സാധ്യതകൾ പരമാവധി ഉപയോഗപ്പെടുത്തുന്നതിനും ലക്ഷ്യമിടുന്നു.**കാർഷിക മേഖലക്ക് 45,25,000/-രൂപ വകയിരുത്തുന്നു**

ജലസംരക്ഷണം പഞ്ചായത്തിന്റെ മുഖ്യ അജണ്ടകളിൽ ഒന്നാണ്. കച്ചിത്തോട് രണ്ടാംഘട്ട പൂർത്തീകരണം, താണിക്കുടം പുഴ സംരക്ഷണം, പുല്ലുകുളം ടൂറിസം പദ്ധതി,കറപ്പൻചിറ നവീകരണം ,കട്ടിലപ്പൂവ്വം സ്കൂൾ ഗ്രൗണ്ട് നിർമ്മാണം എന്നിവയുടെ പൂർത്തീകരണം വേഗത്തിലാക്കും. ഇതിൽ പുല്ലുകുളം ടൂറിസം പദ്ധതിക്കായി 3,63,38,000 രൂപയുടെ ഭരണാനുമതി ഈ വർഷം ലഭിച്ചിട്ടുണ്ട് എന്ന സന്തോഷവും പങ്കുവെക്കുന്നു

പ്രാദേശിക കാർഷിക ഉല്പ്പന്ന സംഭരണ വിപണന കേന്ദ്രത്തിനായി ഈ വർഷം പുതിയ കെട്ടിടം നിർമ്മിക്കും. വീട്ടമ്മമാർക്ക് അടുക്കള നവീകരണത്തിനായി ഈസി കിച്ചണ് പദ്ധതി ഈ വർഷം നടപ്പിലാക്കും. **ക്യാൻസർ രോഗികളെ സഹായിക്കുന്നതിനായി ഒരു പ്രത്യേക പദ്ധതി നടപ്പിലാക്കും.**പഞ്ചായത്തിന് വിട്ടു കിട്ടിയ മുഴുവൻ റോഡുകളിലും പോസ്റ്റിട്ട് സ്ട്രീറ്റ്മെയിൻ വലിച്ച് ബൾബ് ഇടുന്ന പദ്ധതി ഈ വർഷം പൂർത്തിയാക്കും.

ഗ്രാമപഞ്ചായത്തിലെ പ്രധാന റോഡുകളായ കളുമാവ് റോഡ്, കട്ടിലപ്പൂവ്വം-ചെന്നിക്കര - പുല്ലുംകണ്ടം റോഡ് സർക്കാർ സഹായത്തോടെയും അക്കരപ്പുറം പഞ്ചായത്തോഫീസ് റോഡ് ഗ്രാമപഞ്ചായത്ത് ഫണ്ട് ഉപയോഗിച്ചും നവീകരിക്കും

മാടക്കത്തറ ഗ്രാമപഞ്ചായത്തിൽ ക്ഷീരവികസന വകുപ്പിന്റെ കീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ള 6 ക്ഷീര സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട്. തൃശ്ശൂർ നഗരത്തോട് ചേർന്ന് കിടക്കുന്നതും എന്നാൽ തികച്ചും ഗ്രാമീണ പശ്ചാത്തലവും ഉള്ള മാടക്കത്തറ ഗ്രാമപഞ്ചായത്ത് ഗ്രാമവാസികൾ കാർഷിക പ്രവർത്തികളിൽ ഏർപ്പെടുന്നവർ ആയതുകൊണ്ട് തന്നെ മൃഗ പരിപാലനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ പുരോഗതി കൈവരിക്കുന്നതിനാവശ്യമായ തുക ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരുന്നതിനായി വിഭിന്നങ്ങളായ കഴിവുകളുള്ള ഭിന്നശേഷിക്കാർക്കുവേണ്ടി ഭിന്നശേഷി സംഗമം വർഷങ്ങളായി നടത്തിവരുന്നു. മാടക്കത്തറ ഗ്രാമപഞ്ചായത്തിൽ 364 ഭിന്നശേഷി വ്യക്തികളിൽ 38 കുട്ടികളും ഉൾപ്പെടുന്നുണ്ട്. ഇവരുടെ കഴിവുകൾ വികസിപ്പിക്കുന്നതിനും വീടുകളിൽ ഇരുന്ന് പരിചരിക്കുന്ന ഇവരുടെ അമ്മമാർക്ക് ഒരു വരുമാനമാർഗ്ഗം എന്ന രീതിയിലും പഞ്ചായത്ത് ഓരോ വർഷവും വ്യത്യസ്തങ്ങളായ പരിശീലന പരിപാടികൾ നടത്തിവരുന്നുണ്ട്. 2026 – 27 സാമ്പത്തിക വർഷത്തിലും **ശിശു ക്ഷേമത്തിനും, ഭിന്നശേഷിക്കാരുടെ ഉന്നമനത്തിനുമായി ബജറ്റിൽ 31,61000/-** രൂപയും വകയിരുത്തിയിട്ടുണ്ട്. കൂടാതെ വയോജനങ്ങളുടെ മാനസിക ഉല്ലാസത്തിനു വേണ്ടി വയോജന സംഗമം സംഘടിപ്പിക്കുന്നതിനും തുക വകയിരുത്തിയിരിക്കുന്നു.

കൂടാതെ വനിത ക്ഷേമ പദ്ധതികളിൽ ഉൾപ്പെട്ട ജാഗ്രത സമിതിയിലൂടെ സ്ത്രീകളുടെ മാനസിക ഉന്നമനത്തിന് വേണ്ടുന്ന ബോധവൽക്കരണ പരിപാടികൾ, 18 വയസ്സ് പൂർത്തിയായ വനിതകൾക്ക് സുമംഗലി പദ്ധതി, സ്കൂൾ കുട്ടികൾക്കായി ലഹരി വിരുദ്ധ പ്രവർത്തനങ്ങൾക്കുള്ള പദ്ധതികൾക്കും തുക മാറ്റി വച്ചിട്ടുണ്ട്.

റോഡ് വികസനത്തിന്റെ ഭാഗമായി പുതിയതായി നിർമ്മിക്കുന്ന റോഡുകളുടെ ദീർഘകാല നിലനിൽപ്പ് ലക്ഷ്യമാക്കി ആധുനിക രീതിയിൽ റോഡുകൾ നിർമ്മിച്ചും നിലവിലുള്ള റോഡുകളുടെ അറ്റകുറ്റപ്പണികൾ കാര്യക്ഷമമായി നടത്തുന്നതിനും , അടിയന്തര അറ്റകുറ്റപ്പണികൾ യഥാസമയം നടത്തുന്നതിനും പദ്ധതികൾ ആവിഷ്കരിക്കുന്നതാണ്. സ്ഥലം ലഭ്യമായ സ്ഥലങ്ങളിൽ റോഡുകളുടെ വശങ്ങളിൽ കാനകൾ നിർമ്മിച്ച് റോഡുകളുടെ സംരക്ഷണം ഉറപ്പുവരുത്തുന്നതാണ്. പുതിയതായി നിർമ്മിക്കുന്ന പ്രധാന റോഡുകളുടെ നീളം, വീതി, തരം, നിർമ്മാണ വർഷം എന്നിവ രേഖപ്പെടുത്തിയ ബോർഡുകൾ സ്ഥാപിക്കുന്നതിനും, റോഡുകളുടെ സംരക്ഷണവും മാലിന്യ നിർമാർജനവും ലക്ഷ്യമിട്ട് ഗുണഭോക്താക്കളെ ഉൾപ്പെടുത്തി റോഡ് ഗുണഭോക്തൃ സമിതികൾ രൂപീകരിക്കും.

പാർപ്പിട മേഖലയിൽ വലിയൊരു മുന്നേറ്റം കഴിഞ്ഞ വർഷങ്ങളിൽ നടപ്പാക്കുന്നതിന് സാധിച്ചിട്ടുണ്ട്. ഭൂരഹിത ഭവനരഹിതരായവരെയും , ഭവനരഹിതരെയും, വാസയോഗ്യമായ വീടില്ലാത്തവരെയും ഉൾപ്പെടുത്തി ലൈഫ്, പി എം എ വൈ , ഹഡ്കോ ലോൺ എന്നീ ഫണ്ടുകൾ ഉപയോഗിച്ച് എല്ലാവർക്കും ഭവനം എന്ന ലക്ഷ്യം സാക്ഷാത്കരിക്കും. ആയതിന് ബജറ്റിൽ 1,87,90,000/- രൂപ വകയിരുത്തിയിട്ടുണ്ട്.

ആരോഗ്യരംഗത്ത് കിടപ്പിലായ രോഗികൾക്കുള്ള പാലിയേറ്റീവ് കെയർ പദ്ധതി, മരുന്ന് വാങ്ങൽ,പൾസ് പോളിയോ പ്രോഗ്രാം , ക്യാൻസർ നിയന്ത്രണം തുടങ്ങി ഒട്ടേറെ പദ്ധതികളും കൂടാതെ ആശുപത്രികളുടെ മെയിന്റനൻസ് അടക്കമുള്ള പ്രവർത്തികൾക്കും ബഡ്ജറ്റിൽ വിഹിതം വകയിരുത്തിയിരിക്കുന്നു ആയുർവ്വേദം, ഹോമിയോ ഡിസ്പൻസറികൾക്കും പ്രത്യേകം ഫണ്ട് വകയിരുത്തിയിട്ടുണ്ട്. ആയതിന് ബജറ്റിൽ 40,80,800/- രൂപ വകയിരുത്തിയിരിക്കുന്നു.

മാടക്കത്തറ ഗ്രാമപഞ്ചായത്തിലെ പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് പഠനത്തിൽ മികവ് പുലർത്തുന്നതിന് വേണ്ടി സ്കോളർഷിപ്പ്, ലാപ്ടോപ്പ്, പഠനോപകരണങ്ങൾ എന്നിവ വിതരണം ചെയ്യുന്നതിനും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠിക്കുന്നതിനു വേണ്ടി വീടിനോട് ചേർന്ന് പഠനമുറി പണിയുന്നതിനും പട്ടികജാതിയിൽപ്പെട്ട പെൺകുട്ടികൾക്ക് വിവാഹ ധനസഹായം നൽകുന്നതിനുമുള്ള ഫണ്ടും വകയിരുത്തിയിട്ടുണ്ട്. കൂടാതെ പഞ്ചായത്തിലെ വിവിധ വാർഡുകളിൽ സ്ഥിതിചെയ്യുന്ന പട്ടികജാതി ഉന്നതികളിൽ തെരുവ് വിളക്കുകൾ സ്ഥാപിക്കുന്നതിനും ഉന്നതികളിലെ മുഴുവൻ റോഡുകളും ടാർ ചെയ്ത് നവീകരിക്കുന്നതിനുമുള്ള നടപടികൾ പ്രാവർത്തികമാക്കുന്നതാണ്. പട്ടികജാതി വികസനത്തിനായി 64,83,000/- രൂപ ബജറ്റിൽ വകയിരുത്തുന്നു.

മാടക്കത്തറ ഗ്രാമപഞ്ചായത്തിനെ മാലിന്യമുക്ത പഞ്ചായത്താക്കി മാറ്റുന്നതിനായി മുന്നിൽ നിന്ന് പ്രവർത്തിക്കുന്ന ഹരിത കർമ്മ സേനാംഗങ്ങളോടുള്ള നന്ദിയും അറിയിക്കുന്നു. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ 5 കോടി രൂപയുടെ പദ്ധതി ലക്ഷ്യമിടുന്നു

നമ്മുടെ പ്രിയപ്പെട്ട എംഎൽഎയും റവന്യൂ മന്ത്രിയുമായ ബഹുമാനപ്പെട്ട ശ്രീ കെ രാജൻ അവർകളുടെ ഇടപെടൽ നമ്മുടെ പഞ്ചായത്തിന്റെ വികസനത്തിന് പ്രധാന പങ്കുവഹിക്കുന്നു. ഈ അവസരത്തിൽ അദ്ദേഹത്തിനോടും നന്ദി പറയുന്നു.

പഞ്ചായത്തിന്റെ പൊതു വികസനത്തിനായി ജില്ലാ പഞ്ചായത്തും ബ്ലോക്ക് പഞ്ചായത്തും നല്ല രീതിയിൽ നമ്മളെ സഹായിക്കുന്നു എന്നതും സന്തോഷകരമാണ്.

പഞ്ചായത്തിന്റെ വികസന ക്ഷേമ പ്രവർത്തനങ്ങളിലും സമ്പദ് ഘടനയിലും നിർണായക പങ്കുവഹിക്കുന്ന കുടുംബശ്രീ മികവുകൊണ്ട് ജില്ലാതലത്തിലും സംസ്ഥാന തലത്തിലും ഒട്ടേറെ പുരസ്കാരങ്ങൾ കരസ്ഥമാക്കിയിട്ടുള്ളത് തികച്ചും അഭിമാനകരമാണ്. ഗ്രാമപഞ്ചായത്തിലെ പുതിയ കുടുംബശ്രീ ഭരണസമിതിക്കുള്ള ആശംസകളും ഈ അവസരത്തിൽ നേരുന്നു.

കുടുംബശ്രീ പ്രസ്ഥാനത്തെ ശക്തിപ്പെടുത്തുന്നതിനായി കുടുംബശ്രീ യൂണിറ്റുകൾ ഉണ്ടാക്കുന്ന പരിശുദ്ധമായ ഉൽപ്പന്നങ്ങൾക്ക് വിപണി കണ്ടെത്തുന്നതിനും വിഷരഹിതമായ പച്ചക്കറികളും മറ്റു ഭക്ഷ്യ ഉൽപ്പന്നങ്ങളും പഞ്ചായത്ത് തന്നെ വിളയിച്ചെടുക്കുന്നതിനും കൂടുതൽ സ്വയം തൊഴിൽ സംരംഭങ്ങളും സ്റ്റാർട്ട് അപ്പുകളും പഞ്ചായത്തിൽ ആരംഭിക്കുന്നതിന് ആവശ്യമായ പ്രോത്സാഹനം നൽകുന്നതിന് ബജറ്റ് ഊന്നൽ നൽകുന്നു.

ലഭ്യമായ ഫണ്ട് ഉപയോഗിച്ച് എല്ലാ മേഖലകൾക്കും മതിയായ പ്രാധാന്യം നൽകി തയ്യാറാക്കിയ ഈ ബജറ്റ് വിശദമായ ചർച്ചകൾക്കും അഭിപ്രായത്തിനും ആയി ബഹുമാന്യരായ അംഗങ്ങൾക്കു മുൻപിൽ സവിനയം സമർപ്പിക്കുന്നു.

ശ്രീമതി സുകന്യ ബൈജു

വൈസ് പ്രസിഡന്റ്
ധനകാര്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സൺ
മാടക്കത്തറ ഗ്രാമപഞ്ചായത്ത്

## Madakkathara Grama Panchayath Draft Budget for the Financial Year 2025-2026

## Budget Statement

| | |
|---|---|
| Opening Balance | **1,29,57,008** |
| നികുതി വരുമാനം | 1,81,00000 |
| നികുതിയിതര വരുമാനം | 85,65,000 |
| ആകെ തനത് ഫണ്ട് | 2,66,65,000 |
| ജനറൽ പർപ്പസ്സ് ഫണ്ട് | 2,41,67,000 |
| **ആകെ** | **6,37,89,008** |
| പദ്ധതി ചെലവുകള്ള്ക്കുള്ള ഗ്രാൻറ്/ഫണ്ട് | 8,91,26,997 |
| പദ്ധതിയിതര ചെലവുകള്ക്കുള്ള ഗ്രാൻറ്/ഫണ്ട് വിഹിതം | 7,0000000 |
| ആകെ വരവുകള് | 22,29,16,005 |
| അനിവാര്യ ചുമതലകൾക്കുള്ള ചെലവുകൾ | 2,80,45,000 |
| പദ്ധതി ചെലവുകള് | 116198017 |
| പദ്ധതിയിതര ചെലവുകൾ | 7,0000000 |
| ആകെ ചെലവുകൾ | 21,42,43,017 |
| **നീക്കി ബാക്കി** | **86,72,988** |

## മാടക്കത്തറ ഗ്രാമ പഞ്ചായത്ത്

## ബഡ്ജറ്റ് 2026-27 (കരട്)

**BS1 OWN SOURCE REVENUE**

BS 1 A TAX REVENUE (നികുതി വരുമാനം)

| SL.NO. | Head code | Account head | Account Heads in Malayalam | 2026-27 |
|---|---|---|---|---|
| 1 | 1100101 | Property Tax (General) | വസ്തു നികുതി | 1,25,00,000 |
| 2 | 1100102 | Service Cess u/rule 26 | ചട്ടം 26 പ്രകാരമുള്ള സേവന ഉപനികുതി | 0 |
| 3 | 1101001 | Profession Tax - Employees | തൊഴിൽ നികുതി - ജീവനക്കാർ | 5200000 |
| 4 | 1101002 | Profession Tax - Traders/ Institutions | തൊഴിൽ നികുതി - വ്യാപാരികൾ/ സ്ഥാപനങ്ങൾ | 400000 |
| | | ആകെ നികുതി വരുമാനം | | 18100000 |

BS 1 B NON TAX REVENUE ( നികുതിയേതര വരുമാനം)

REVENUE FROM OWN SOURCES

| SL.NO. | Head code | Account head | Account Heads in Malayalam | 2026-27 |
|---|---|---|---|---|
| 6 | 1401001 | Private Hospital & Paramedical Institutions Registration Fee | സ്വകാര്യ ആശുപത്രികളുടേയും പാരാമെഡിക്കൽസ്ഥാപനങ്ങളുടേയും രജിസ്ട്രേഷൻ ഫീ | 5000 |

| | | | | |
|---|---|---|---|---|
| 7 | 1401002 | Tutorial College Registration Fee | ട്യൂട്ടോറിയൽ കോളേജുകളുടെ രജിസ്ട്രേഷൻ ഫീ | 2500 |
| 8 | 1401101 | License Fees for IFTEOS | ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭങ്ങൾക്കും മറ്റ് സേവനങ്ങൾക്കുമുള്ള ലൈസൻസ് ഫീ | 400000 |
| 9 | 1401106 | License Fees for Domestic Dogs | വളർത്തു നായ്ക്കൾക്കുള്ള ലൈസൻസ് ഫീസ് | 5000 |
| 10 | 1401199 | Other Licensing Fees | മറ്റ് ലൈസൻസ് ഫീസുകൾ | 7000 |
| 11 | 1401201 | Fees for Construction of Buildings | കെട്ടിട നിർമ്മാണത്തിനുള്ള ഫീസ് | 1800000 |
| 12 | 1401202 | Fees for Installation of Machinery | യന്ത്രം സ്ഥാപിക്കുന്നതിനുള്ള ഫീസ് | 500 |
| 13 | 1401203 | Permit Application fee | പെർമിറ്റ് അപേക്ഷാ ഫീസ് | 1400000 |
| 14 | 1401301 | Fees for Birth & Death Certificate | ജനന മരണ സർട്ടിഫിക്കറ്റുകൾക്കുള്ള ഫീസ് | 250 |
| 15 | 1401302 | Fees for Delayed Registration – Birth & Death | ജനന മരണം താമസിച്ചുള്ള രജിസ്ട്രേഷനുള്ള ഫീസ് | 400 |
| 16 | 1401303 | Fees for Marriage Certificate | വിവാഹ സർട്ടിഫിക്കറ്റിനുള്ള ഫീസ് | 200 |
| 17 | 1401304 | Fee for Marriage Registration | വിവാഹ രജിസ്ട്രേഷനുള്ള ഫീസ് | 12000 |
| 18 | 1401306 | Fee for correction in Registration | രജിസ്ട്രേഷനിലെ തിരുത്തലുകൾക്കുള്ള ഫീസ് | 1000 |
| 19 | 1401399 | Fees for Other Certificates or Extracts | മറ്റ് സർട്ടിഫിക്കറ്റുകൾക്കും പകർപ്പുകൾക്കുമുള്ള ഫീസുകൾ | 1000 |
| 20 | 1401401 | Fees under RTI Act | വിവരാവകാശനിയമപ്രകാരമുള്ള ഫീസ് | 500 |
| 21 | 1401501 | Beneficiary Contribution | ഗുണഭോക്തൃ വിഹിതം | 200000 |
| 22 | 1401701 | Regularization Fees | ക്രമവൽക്കരണ ഫീസ് | 2800000 |
| 23 | 1401801 | Application Fee | അപേക്ഷാ ഫീസ് | 800 |
| 24 | 1402001 | Penal Interest | പിഴപ്പലിശ | 39000 |

| | | | | |
|---|---|---|---|---|
| 25 | 1402003 | Other Penalities and Fines | മറ്റ് പിഴകളും ശിക്ഷകളും | 15000 |
| 26 | 1402004 | Compounding Fee | കോമ്പൗണ്ടിംഗ് ഫീ | |
| 27 | 1402005 | Fine for Dumping Waste | മാലിന്യം വലിച്ചെറിയുന്നതിനുള്ള പിഴ | 150000 |
| 28 | 1404002 | Notice Fees | നോട്ടീസ് ഫീസ് | 250 |
| 29 | 1404004 | Ownership Change Fees - Fine | ഉടമസ്ഥാവകാശം മാറ്റുന്നതിനുള്ള ഫീസ് -പിഴ | 49000 |
| 30 | 1404005 | License Change Fees | ലൈസൻസ് മാറ്റുന്നതിനുള്ള ഫീസ് | 1000 |
| 31 | 1404008 | Delayed Registration Fees | താമസിച്ചുള്ള രജിസ്ട്രേഷൻ ഫീസ് | 3000 |
| 32 | 1404009 | Search Fees | തിരച്ചിൽ ഫീസ് | 200 |
| 33 | 1404099 | Other Fees | മറ്റ് ഫീസുകൾ | 1000 |
| 34 | 1405008 | Receipts From Libraries | | 1400 |
| 35 | 1405012 | Crematorium Fees | ശ്മശാന ഫീസുകൾ | 400000 |
| 36 | 1405099 | Other User Charges | മറ്റ് ഉപയോഗങ്ങൾക്കുള്ള ഫീസുകൾ | 30000 |
| 37 | 1407001 | Road Cutting Charges | റോഡ് മുറിക്കുന്നതിനുള്ള ചാർജ്ജുകൾ | 120000 |
| 38 | 1501099 | Receipts from Sale of Other Products | മറ്റ് ഉൽപ്പന്നങ്ങളുടെ വിൽപ്പനയിൽ നിന്നുള്ള വരവ് | 1000 |
| 39 | 1501101 | Receipts from Sale of Forms | ഫോമുകളുടെ വിൽപ്പനയിൽ നിന്നുള്ള വരവ് | 5000 |
| 40 | 1501202 | Receipts from Sale of Scrap | ആക്രി വിൽപ്പനയിൽ നിന്നുള്ള വരവ് | 300000 |
| 41 | 1501203 | Receipts from auction of obsolete assets | കാലഹരണപ്പെട്ട ആസ്തികളുടെ ലേലത്തിൽ നിന്നുള്ള വരവ് | 8000 |
| 42 | 1503001 | Receipts from Miscellaneous Sales | പലവക വിൽപ്പനകളിൽ നിന്നുള്ള വരവ് | 5000 |
| 43 | 1711001 | Interest from Bank Accounts | ബാങ്ക് അക്കൗണ്ടുകളിൽ നിന്നുള്ള പലിശ | 800000 |
| നികുതിയേതര വരുമാനം ആകെ | | | | **8565000** |

| BS 2 ASSIGNED REVENUES AND GRANTS | | | | |
|---|---|---|---|---|
| BS 2 A (ജനറൽ പർപ്പസ് ഫണ്ട്) | | | | |
| 44 | 1601023 | General Purpose Fund | ജനറൽ പർപ്പസ് ഫണ്ട് | **24167000** |
| BS 2 B റവന്യൂ ഗ്രാൻറ് (പദ്ധതി വിഹിതം) | | | | |
| **SL.NO.** | **Head code** | **Account head** | **Account Heads in Malayalam** | 2026-27 |
| 45 | 1601001 | Development Fund - General | വികസനഫണ്ട് - ജനറൽ | 31865000 |
| 46 | 1601002 | Development Fund - Special Component Plan | വികസനഫണ്ട് - പ്രത്യേക ഘടക പദ്ധതി | 6483000 |
| 47 | 1601021 | Maintenance Fund - Road Assets | മെയിൻറനൻസ് ഫണ്ട് - റോഡ് | 23345000 |
| 48 | 1601022 | Maintenance Fund - Non-Road Assets | മെയിൻറനൻസ് ഫണ്ട് - റോഡിതരം | 5799000 |
| 49 | 1602005 | Central Finance Commission Grant - Untied | കേന്ദ്ര ധനകാര്യ കമ്മിഷൻറെ ഉപാധിരഹിത ഗ്രാൻറ് | 0 |
| 50 | 1602006 | Central Finance Commission Grant - Tied | കേന്ദ്ര ധനകാര്യ കമ്മിഷൻറെ ഉപാധി ഗ്രാൻറ് | 0 |
| 51 | 1603002 | Beneficiary Contribution | ഗുണഭോക്തൃ വിഹിതം | 200000 |
| 52 | 1604001 | Contribution towards Joint Venture Projects from District Panchayat | സംയുക്ത പദ്ധതികൾക്കുള്ള വിഹിതം - ജില്ലാപഞ്ചായത്തിൽ നിന്ന് | 3800000 |
| 53 | 1604002 | Contribution towards Joint Venture Projects from Block Panchayat | സംയുക്ത പദ്ധതികൾക്കുള്ള വിഹിതം - ബ്ലോക്ക് പഞ്ചായത്തിൽ നിന്ന് | 4800000 |
| 54 | 1602037 | Mahatma Gandhi National Rural Employment Scheme (MGNREGS) | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 4,15,00000 |

| | | | | |
|---|---|---|---|---|
| 55 | 1602019 | Intergrated Child Development Service | സംയോജിത ശിശു വികസന പദ്ധതി | 2034997 |
| 56 | 3202021 | Grants, Funds & Contributions For Specific Purposes – Other Than Development Fund And State Sponsored Scheme Funds – Life Mission | പ്രത്യേക പദ്ധതികൾക്കുള്ള ഗ്രാൻറുകളും ഫണ്ടുകളും വിഹിതങ്ങളും– സംസ്ഥാനാവിഷ്കൃത പദ്ധതികളും വികസന ഫണ്ടും ഒഴികെ – ലൈഫ് മിഷൻ | 10500000 |
| 57 | 3202015 | Grants, Funds & Contributions For Specific Purposes – Other Than Development Fund And State Sponsored Scheme Funds – Grant For Solid Waste Management | പ്രത്യേക പദ്ധതികൾക്കുള്ള ഗ്രാൻറുകളും ഫണ്ടുകളും വിഹിതങ്ങളും– സംസ്ഥാനാവിഷ്കൃത പദ്ധതികളും വികസന ഫണ്ടും ഒഴികെ – ഖരമാലിന്യ സംസ്കരണത്തിനുള്ള ഗ്രാൻറ് | 0 |
| 58 | 3201045 | Suchitwa Mission Grant | ശുചിത്വ മിഷൻ ഗ്രാൻറ് | 300000 |
| 59 | 1604004 | Contribution towards Joint Venture Projects from Municipal Corporation | സംയുക്ത പദ്ധതികൾക്കുള്ള വിഹിതം – കോർപ്പറേഷനുകളിൽ നിന്ന് | 0 |
| | ആകെ പദ്ധതി വിഹിതം (എം.ജി.എൻ.ആർ.ഇ.ജി.എസ്. ഉൾപ്പെടെ | | | 89126997 |

BS 2 C റവന്യൂ ഗ്രാൻറ് (ക്ഷേമ പെൻഷനുകൾക്ക്

| Head id | Head code | Account head | Account Heads in Malayalam | 2026-27 |
|---|---|---|---|---|
| 60 | 1601010 | Fund for Transferred Functions/ Schemes – Pension for Agricultural Workers/ Labourers | ഘടകസ്ഥാപനങ്ങൾ/ സ്കീമുകൾക്കുള്ള ഫണ്ട് – കർഷകത്തൊഴിലാളികൾക്കുള്ള പെൻഷൻ | 9,50,000 |
| 61 | 1601012 | Fund for Transferred Functions/ Schemes – Widow Pension | ഘടകസ്ഥാപനങ്ങൾ/ സ്കീമുകൾക്കുള്ള ഫണ്ട് – വിധവപെൻഷൻ | 20000000 |

| | | | | |
|---|---|---|---|---|
| 62 | 1601013 | Fund for Transferred Functions/ Schemes - Pension for Unmarried women aged above 50 | ഘടകസ്ഥാപനങ്ങൾ/ സ്കീമുകൾക്കുള്ള ഫണ്ട് - 50 വയസ്സിനുമുകളിൽ പ്രായമുള്ള അവിവാഹിതകളായ സ്ത്രീകൾക്കുള്ള പെൻഷൻ | 660000 |
| 63 | 1601014 | Fund for Transferred Functions/ Schemes - Pension for Differentially Abled | ഘടകസ്ഥാപനങ്ങൾ/ സ്കീമുകൾക്കുള്ള ഫണ്ട് - ശാരീരിക മാനസിക ഭിന്നശേഷിക്കാർക്കുള്ള പെൻഷൻ | 42,00,000 |
| 64 | 1601016 | Fund for Transferred Functions/ Schemes - Financial Help for Widow's Daughters Marriage | ഘടകസ്ഥാപനങ്ങൾ/ സ്കീമുകൾക്കുള്ള ഫണ്ട് - വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 200000 |
| 65 | 1601018 | Fund for Transferred Functions/ Schemes - Old Age Pension | ഘടകസ്ഥാപനങ്ങൾ/ സ്കീമുകൾക്കുള്ള ഫണ്ട് - വാർദ്ധക്യകാല പെൻഷൻ | 3,29,40,000 |
| 66 | 1601080 | Fund for Transferred Functions/ Schemes - STHREE SURAKSHA Pension | ഘടകസ്ഥാപനങ്ങൾ/ സ്കീമുകൾക്കുള്ള ഫണ്ട് - സ്ത്രീ സുരക്ഷ പെൻഷൻ | 12000000 |
| | ക്ഷേമ പെൻഷനുകൾക്കുള്ള ഗ്രാൻറ് വരവ് ആകെ | | | 70000000 |
| BS 3 LOANS,DEPOSITS,ADVANCES | | | | |
| **Head id** | **Head code** | **Account head** | **Account Heads in Malayalam** | 2026-27 |
| 67 | 3305003 | Loan from K.U.R.D.F.C | കെയുആർഡിഎഫ് സിയിൽ നിന്നുള്ള വായ്പകൾ | 10500000 |
| 68 | 3504101 | Advance Collection of Revenues | വരുമാനത്തിൻറെ മുൻകൂർ ശേഖരണം | 300000 |
| 69 | 4605003 | Advance to Implementing Officers | നിർവ്വഹണ ഉദ്യോഗസ്ഥർക്കുള്ള മുൻകൂറുകൾ | 660000 |
| 70 | 4605005 | Advance to Mahatma Gandhi NREGS/ AUEGS | മഹാത്മാഗാന്ധി എൻആർഇജിഎസ്/ എയുഇജിഎസ് നുള്ള മുൻകൂറുകൾ | 2000000 |

| | | | | |
|---|---|---|---|---|
| | TOTAL OF LOANS, DEPOSITS AND ADVANCES | | | |
| BS 4 RECOVERIES (റിക്കവറികൾ) | | | | |
| **SL.NO.** | **Head code** | **Account head** | **Account Heads in Malayalam** | 2026-27 |
| 71 | 2801001 | Prior Period Income | മുൻകാല വരവുകൾ | 100000 |
| 72 | 2801002 | Prior Period Income - Recovery of Unutiltzed Grants/ Funds | മുൻകാല വരവുകൾ- ഉപയോഗിക്കാത്ത ഗ്രാൻറുകളും ഫണ്ടുകളും തിരികെ ലഭിച്ചവ | 100000 |
| | | | | |
| BS 5 അഡ്മിനിസ്റ്റേറ്റീവ് & എസ്റ്റാബ്ലിഷ്മെൻറ് ചിലവുകൾ | | | | |
| BS 5 A എസ്റ്റാബ്ലിഷ്മെൻറ് ചിലവുകൾ | | | | |
| **SL.NO.** | **Head code** | **Account head** | **Account Heads in Malayalam** | 2026-27 |
| 1 | 2101001 | Salaries -Secretary | ശമ്പളം - സെക്രട്ടറി | 1500000 |
| 2 | 2101003 | Salaries - Permanent Staff | ശമ്പളം - സ്ഥിരം ജീവനക്കാർ | 12000000 |
| 3 | 2101004 | Salaries - Contract Staff | ശമ്പളം - കരാർ ജീവനക്കാർ | 800000 |
| 4 | 2101007 | Salaries - Part time Contingent Staff | ശമ്പളം - പാർട്ട് ടൈം കണ്ടിജൻറ് ജീവനക്കാർ | 600000 |
| 5 | 2101101 | Wages | വേതനം | 1300000 |
| 6 | 2102001 | Travelling Allowances - Secretary | യാത്രാബത്തകൾ - സെക്രട്ടറി | 100000 |
| 7 | 2102014 | Monthly Honorarium and Sitting Allowance -Councillors/ Members | മാനവേതനവും ഹാജർ ബത്തയും - കൗൺസിലർമാർ/ അംഗങ്ങൾ | 2800000 |
| 8 | 2102017 | Festival Allowance | ഉത്സവബത്ത | 100000 |
| 9 | 2102018 | Spectacle Allowance | കണ്ണട അലവൻസ് | 10000 |

| | | | | |
|---|---|---|---|---|
| 10 | 2103006 | Employer's Contribution to NPS – Regular Employees | എൻപിഎസ് ലേക്കുള്ള എംപ്ലോയറുടെ വിഹിതം – റെഗുലർ ജീവനക്കാർ | 500000 |
| ആകെ എസ്റ്റാബ്ലിഷ്മെൻറ് ചിലവുകൾ | | | | 19710000 |
| BS 5 B ഭരണ ചിലവുകൾ | | | | |
| **SL.NO.** | **Head code** | **Account head** | **Account Heads in Malayalam** | 2026-27 |
| 11 | 2201002 | Land Tax/ Basic Tax | ഭൂനികുതി / അടിസ്ഥാന നികുതി | 20000 |
| 12 | 2201101 | Office Electricity Expenses | ആഫീസിലെ വൈദ്യുതി ചെലവുകൾ | 400000 |
| 13 | 2201102 | Water Charges – Office | വെള്ളത്തിൻറെ ചാർജ്ജുകൾ | 50000 |
| 14 | 2201199 | Other Office Maintenance Expenses | മറ്റ് ആഫീസ് പരിപാലന ചെലവുകൾ | 700000 |
| 15 | 2201201 | Telephone Expenses/ Internet Charges | ടെലഫോൺ ചെലവുകൾ/ ഇൻറർനെറ്റ് ചാർജ്ജുകൾ | 125000 |
| 16 | 2201202 | Postage Expenses | തപാൽ ചെലവുകൾ | 75000 |
| 17 | 2201301 | Electricity Charges – Allied Institutions | വൈദ്യുതി ചെലവുകൾ – ഘടകസ്ഥാപനങ്ങൾ | 200000 |
| 18 | 2201302 | Water Charges – Allied Institutions | വെള്ളത്തിൻറെ ചെലവുകൾ – ഘടകസ്ഥാപനങ്ങൾ | 5000 |
| 19 | 2201303 | Rent – Allied Institutions | വാടക – ഘടകസ്ഥാപനങ്ങൾ | 10000 |
| 20 | 2202001 | Books & Periodicals | പുസ്തകങ്ങളും ആനുകാലികങ്ങളും | 100000 |
| 21 | 2202101 | Printing & Stationery | അച്ചടിയും സ്റ്റേഷനറികളും | 700000 |
| 22 | 2204001 | Insurance | ഇൻഷ്വറൻസ് | 60000 |
| 23 | 2205101 | Miscellaneous Legal Expenses | പലവക നിയമപരമായ ചെലവുകൾ | 300000 |
| 24 | 2205201 | Professional & Other Fees | വിദഗ്ദ്ധർക്കും മറ്റുമുള്ള ഫീസ് | 25000 |

| | | | | |
|---|---|---|---|---|
| 25 | 2206001 | Newspaper Advertisement Charges | പത്രപ്പരസ്യത്തിനുള്ള ചെലവുകൾ | 150000 |
| 26 | 2208099 | Miscellaneous Administration Expenses | മറ്റ് ഭരണനിർവ്വഹണ ചെലവുകൾ | 1200000 |
| ആകെ ഭരണചിലവുകൾ | | | | 4120000 |
| BS 5 C സംരക്ഷണ ചിലവുകൾ | | | | |
| **SL.NO.** | **Head code** | **Account head** | **Account Heads in Malayalam** | 2026-27 |
| 27 | 2301001 | Electricity Charges for Street Lights | തെരുവു വിളക്കുകളുടെ വൈദ്യുതി ചാർജ്ജുകൾ | 2500000 |
| 28 | 2301002 | Fuel Charges | ഇന്ധനചെലവുകൾ | 650000 |
| 29 | 2304001 | Vehicle Hire Charges | വാഹനങ്ങളുടെ വാടക | 25000 |
| 30 | 2305003 | Repairs & Maintenance - Water Supply | സംരക്ഷണവും പരിപാലനവും - വെള്ളത്തിൻറെ വിതരണം | 0 |
| 31 | 2305301 | Repairs & Maintenance - Vehicles | സംരക്ഷണവും പരിപാലനവും - വാഹനങ്ങൾ | 250000 |
| 32 | 2305902 | Repairs & Maintenance - Office Equipments | സംരക്ഷണവും പരിപാലനവും - ഓഫീസ് ഉപകരണങ്ങൾ | 225000 |
| 33 | 2305909 | Other Repairs & Maintenance | സംരക്ഷണവും പരിപാലനവും - മറ്റുള്ളവ | 315000 |
| 34 | 2308005 | Expenses relating to collection of Taxes | നികുതി പിരിവുമായി ബന്ധപ്പെട്ട ചെലവുകൾ | 150000 |
| 35 | 2308201 | Refreshment Charges | ലഘുഭക്ഷണ ചെലവുകൾ | 400000 |
| | | | | 4515000 |
| 6. OPERATIONAL EXPENDITURE | | | | |
| 6A പദ്ധതി റവന്യൂ ചിലവുകൾ | | | | |
| **SL.NO.** | **Head code** | **Account head** | **Account Heads in Malayalam** | 2026-27 |

| | | | | |
|---|---|---|---|---|
| 36 | 2502001 | Expenditure on Poverty Eradication Program | ദാരിദ്ര്യനിവാരണ പദ്ധതിയിന്മേലുള്ള ചെലവുകൾ | 41500000 |
| | | | | |
| 6B (STATE SPOSORED SCHEME (B FUND) EXPENDIRTURE) | | | | |
| **SL.NO.** | **Head code** | **Account head** | **Account Heads in Malayalam** | 2026-27 |
| 37 | 2540111 | Programmes/ Expenditures of Transferred Functions/ Schemes - Pension for Agricultural Workers/ Labour | ഘടകസ്ഥാപനങ്ങളുടെ ചെലവുകളും പ്രോഗ്രാമുകളും സ്കീമുകളും - കർഷകത്തൊഴിലാളികൾക്കുള്ള പെൻഷൻ | 9,50,000 |
| 38 | 2540113 | Programmes/ Expenditures of Transferred Functions/ Schemes - Widow Pension | ഘടകസ്ഥാപനങ്ങളുടെ ചെലവുകളും പ്രോഗ്രാമുകളും സ്കീമുകളും - വിധവ പെൻഷൻ | 20000000 |
| 39 | 2540114 | Programmes/ Expenditures of Transferred Functions/ Schemes - Pension for Unmarried women aged above 50 | ഘടകസ്ഥാപനങ്ങളുടെ ചെലവുകളും പ്രോഗ്രാമുകളും സ്കീമുകളും - 50 വയസ്സിനു മുകളിലുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 660000 |
| 40 | 2540115 | Programmes/ Expenditures of Transferred Functions/ Schemes - Pension for Differentially Abled | ഘടകസ്ഥാപനങ്ങളുടെ ചെലവുകളും പ്രോഗ്രാമുകളും സ്കീമുകളും - ഭിന്നശേഷിക്കാർക്കുള്ള പെൻഷൻ | 42,00,000 |
| 41 | 2540117 | Programmes/ Expenditures of Transferred Functions/ Schemes - Financial Help for Widow's Daughters Marriage | ഘടകസ്ഥാപനങ്ങളുടെ ചെലവുകളും പ്രോഗ്രാമുകളും സ്കീമുകളും - വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം | 200000 |

| | | | | |
|---|---|---|---|---|
| 42 | 2540118 | Programmes/ Expenditures of Transferred Functions/ Schemes – Old Age Pension | ഘടകസ്ഥാപനങ്ങളുടെ ചെലവുകളും പ്രോഗ്രാമുകളും സ്കീമുകളും – വാർദ്ധക്യകാല പെൻഷൻ | 3,29,40,000 |
| 43 | 2540138 | Fund for Transferred Functions/ Schemes – STHREE SURAKSHA Pension | ഘടകസ്ഥാപനങ്ങൾ/ സ്കീമുകൾക്കുള്ള ഫണ്ട് – സ്ത്രീ സുരക്ഷ പെൻഷൻ | 12000000 |
| | | | | **70000000** |
| 7. ASSET CREATION AND MAINTANANCE | | | | |
| 44 | | ASSET CREATION | ആസ്തി ആർജ്ജിക്കുന്നതിന് | 22500000 |
| BS8 REFUND OF LOANS ,DEPOSITS AND ADVANCES | | | | |
| **SL.NO.** | **Head code** | **Account head** | **Account Heads in Malayalam** | 2026-27 |
| 45 | 3305003 | Loan from K.U.R.D.F.C | കെയുആർഡിഎഫ് സിയിൽ നിന്നുള്ള വായ്പകൾ | 10500000 |
| 46 | 3504101 | Advance Collection of Revenues | വരുമാനത്തിൻറെ മുൻകൂർ ശേഖരണം | 400000 |
| 47 | 4605002 | Advance to Implementing Agencies | നിർവ്വഹണ ഏജൻസികൾക്കുള്ള മുൻകൂറുകൾ | 1500000 |
| 48 | 4605003 | Advance to Implementing Officers | നിർവ്വഹണ ഉദ്യോഗസ്ഥർക്കുള്ള മുൻകൂറുകൾ | 600000 |
| 49 | 4605004 | Temporary Advances for Official Purposes | ഔദ്യോഗിക ആവശ്യങ്ങൾക്കുള്ള താൽക്കാലിക മുൻകൂറുകൾ | 25000 |
| 50 | 4605005 | Advance to Mahatma Gandhi NREGS/ AUEGS | മഹാത്മാഗാന്ധി എൻആർഇജിഎസ്/ എയുഇജിഎസ് നുള്ള മുൻകൂറുകൾ | 2000000 |
| 51 | 4605006 | Advance to Allied Institutions | ഘടകസ്ഥാപനങ്ങൾക്കുള്ള മുൻകൂർ | 100000 |
| 52 | 4605099 | Advance to Others | മറ്റുള്ളവർക്കുള്ള മുൻകൂർ | 25000 |
| | TOTAL OF LOANS, DEPOSITS AND ADVANCES | | | **15150000** |

| BS 9 RECOVERIES (റിക്കവറികൾ) | | | | |
|---|---|---|---|---|
| **SL.NO.** | **Head code** | **Account head** | **Account Heads in Malayalam** | 2026-27 |
| 53 | 2801001 | Prior Period Income | മുൻകാല വരവുകൾ | 100000 |
| 54 | 2801002 | Prior Period Income - Recovery of Unutiltzed Grants/ Funds | മുൻകാല വരവുകൾ- ഉപയോഗിക്കാത്ത ഗ്രാൻറുകളും ഫണ്ടുകളും തിരികെ ലഭിച്ചവ | 100000 |
| | | | | 200000 |

# പദ്ധതി വകയിരുത്തലുകൾ

| | | |
|---|---|---|
| ഉല്പാദന മേഖല | | |
| 1 | സമഗ്ര നെൽകൃഷി വികസനം | 2825000 |
| 2 | സമഗ്ര പച്ചക്കറി വികസനം | 175000 |
| 3 | വാഴകൃഷി വ്യാപനം | 75000 |
| 4 | ഡ്രോൺ ഉപയോഗിച്ചുള്ള വളം തെളിക്കൽ | 100000 |
| 5 | കേരസംരക്ഷണസേന മുഖാന്തരം സമഗ്ര തെങ്ങു കൃഷി സംരക്ഷണം | 250000 |
| 6 | വന്യമൃഗ ശല്യത്തിൽ നിന്ന് കൃഷിയെ സംരക്ഷിക്കുക | 150000 |
| 7 | കൃഷിഭവൻ കണ്ടിജൻസ് ചാർജ്ജുകൾ | 50000 |
| 8 | പ്രദേശിക കാർഷിക ഉൽപന്ന സംഭരണ വിപണന കേന്ദ്രം നിർമ്മാണം | 500000 |
| 9 | കൃഷി സമൃദ്ധി | 400000 |
| | കൃഷി ആകെ | **4525000** |
| മൃഗസംരക്ഷണം | | |
| 10 | കറവപശു വിതരണ പദ്ധതി-ജനറൽ | 540000 |
| 11 | മൃഗാശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ | 660000 |
| 12 | മുട്ടകോഴി വിതരണപദ്ധതി ജനറൽ | 216000 |
| 13 | ആട് വിതരണ പദ്ധതി ജനറൽ | 135000 |
| 14 | മിനറൽ മിക്സ്ചർ കാൽസ്യം വിതരണ പദ്ധ്തി | 250000 |
| 15 | തെരുവ് നായ നിയന്ത്രണം കർമ്മപരിപാടിയുമായി ബന്ധപ്പെട്ടഅനിവാര്യ ചെലവുകൾ | 50000 |
| 16 | പോത്ത് കുട്ടി വിതരണ പദ്ധതി | 216000 |
| 17 | പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി | 312500 |

| | | |
|---|---|---|
| 18 | ഗര്ഭിണി കിടാരി വിതരണം | 324000 |
| 19 | മൃഗാശുപത്രികളുടെ ആവർത്തന ചെലവുകൾ | 170000 |
| 20 | മൃഗാശുപത്രികൾക്ക് ടാബ്ലറ്റ്, കമ്പ്യൂട്ടർ വാങ്ങൽ | 80000 |
| 21 | മൃഗാശുപത്രിയിക്ക് സ്ക്യൂസ് കേജ് വാങ്ങൽ | 35000 |
| 22 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 500000 |
| 23 | ക്ഷീര സംഘങ്ങൾ മുഖേന കറവപ്പശുക്കൾക്ക് കാലിത്തീറ്റ വിതരണ പദ്ധതി | 650000 |
| | **മൃഗസംരക്ഷണം ആകെ** | **4138500** |
| | **മത്സ്യബന്ധനം** | |
| 24 | മുറ്റത്തൊരു മീൻതോട്ടം | 16000 |
| 25 | അക്വാപോണിക്സ് | 20000 |
| | വനിതകൾക്ക്  അലങ്കാരമത്സ്യകൃഷി വിത്തുൽപാദനവും വളർത്തലും | 20000 |
| | **മത്സ്യബന്ധനം ആകെ** | **36000** |
| | **വ്യവസായം** | |
| 26 | വനിത വ്യകതിഗത തൊഴിൽ സംരംഭം സബ്സിഡി | 90000 |
| 27 | മരോട്ടിച്ചുവട് അയ്യംമ്പാറ കട്ടിലപൂവ്വം ഖാദിയിലേക്ക് അടിസ്ഥാന സൌകര്യം ഒരുക്കൽയന്ത്ര ത്തറി വാങ്ങൽ | 200000 |
| | **വ്യവസായം ആകെ** | **290000** |
| | **ഉല്പാദന മേഖല ആകെ** | **8989500** |
| | **സേവന മേഖല** | |
| | **വിദ്യാഭ്യാസം, കല, സംസ്കാരം** | |
| 28 | പട്ടികജാതി വിദ്യാര്ത്ഥികൾക്ക് മെറിറ്റോറിയസ് സ്കോളർഷിപ്പ് | 500000 |
| 29 | പട്ടിക ജാതി വിദ്യാർത്ഥികൾക്ക് ലാപ്പ് ടോപ്പ് | 500000 |

| | | |
|---|---|---|
| 30 | പട്ടിക ജാതി വിദ്യാർത്ഥികൾക്ക് മേശയും കസേരയും | 50000 |
| 31 | സമഗ്ര ശിക്ഷാ കേരളം പഞ്ചായത്ത് വിഹിതം നല്കൽ | 100000 |
| 32 | സമേതം- സമഗ്ര വിദ്യാഭ്യാസ പരിപാടി ജില്ലാ പഞ്ചായത്തിന് വിഹിതം നല്കൽ | 100000 |
| 33 | വിജ്ഞാന- തൃശ്ശൂർ പദ്ധതി | 140000 |
| 34 | വിജ്ഞാന കേരളം-ജില്ലാ പഞ്ചായത്തിന് വിഹിതം കൈമാറൽ | 200000 |
| 35 | സാക്ഷരത പ്രവർത്തനങ്ങൾ | 60000 |
| | **വിദ്യാഭ്യാസം,കല, സംസ്കാരം ആകെ** | **1650000** |
| | **ആരോഗ്യം** | |
| 36 | ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ | 200000 |
| 37 | ഹോമിയോ ഡിസ്പെൻസറിയിലേക്ക് ബോർഡുകൾ, IEC കോർണർ | 40000 |
| 38 | ഹോമിയോ ഡിസ്പെൻസറിയിലേക്ക് വീൽചെയർ | 5800 |
| 39 | ഹോമിയോ ഡിസ്പെൻസറി പെരിഫറൽ ഒ പിയിലേക്ക് ലാപ്പ്ടോപ്പ് | 40000 |
| 40 | ആമ്പുലൻസ് ഇന്ധന ചെലവ് | 125000 |
| 41 | സമഗ്ര ആരോഗ്യ പരിപാലനം | 50000 |
| | കുടുംബാരോഗ്യ കേന്ദ്രം, കരുവാൻകാട് ആവർത്തനചെലവുകൾ | 300000 |
| 42 | കുടുംബാരോഗ്യ കേന്ദ്രത്തിലേക്ക് മരുന്ന് വാങ്ങൽ | 1000000 |
| 43 | ആയുർവേദ ആശുപത്രിക്ക് മരുന്ന വാങ്ങൽ | 1150000 |
| 44 | വനിതകൾക്ക് സൗജന്യ യോഗ പരിശീലനം | 100000 |
| 45 | ആയുർവേദ ആശുപത്രി ചിലവുകൾ | 100000 |
| 46 | ആയുർവേദ ആശുപത്രിക്ക് ഫർണീച്ചർ വാങ്ങൽ | 100000 |
| 47 | ആയുർവേദ ആശുപത്രി കിണർ നവീകരണം | 100000 |
| 48 | ലഹരി വിമുക്ത ക്യാമ്പയിൻ | 50000 |

| | | |
|---|---|---|
| 49 | ക്ഷയരോഗികൾക്ക് പോഷകാഹാരകിറ്റ് | 20000 |
| 50 | ഓപ്പൺ ജിം സ്ഥാപിക്കൽ | 700000 |
| | **ആരോഗ്യം ആകെ** | **4080800** |
| **കുടിവെള്ളം, ശുചിത്വം,** | | |
| 51 | ബോട്ടിൽ ബൂത്ത് വാങ്ങൽ | 202500 |
| 52 | ശുചിപൂർണ പോർട്ടബിൾ ഹൌസ്ഹോൾഡ് ബയോബിൻ യൂണിറ്റ് ഒരു സെറ്റിൽ രണ്ട് യൂണിറ്റ് | 616000 |
| 53 | വീട് പണി പൂർത്തികരിച്ച ലൈഫ് ഗുണഭോക്തകൾക്കും മറ്റു ബി പി എൽ കുടുംബങ്ങൾക്കും ടോയ് ലറ്റ് നിർമാണത്തിന് ധനസഹായം | 300000 |
| 54 | ക്ലീൻ കേരള കമ്പനിക്ക് തുക കൈമാറൽ | 500000 |
| 55 | പൊതു സ്ഥലങ്ങളില് മാലിന്യ നിക്ഷേപം തടയുന്നതിന് സി സി ടിവി ക്യാമറ സ്ഥാപിക്കല് | 100000 |
| 56 | ടാങ്കർ ലോറിയില് കുടിവെള്ള വിതരണം 2026-27 | 500000 |
| | **കുടിവെള്ളം, ശുചിത്വം ആകെ** | **2218500** |
| **ശിശുക്ഷേമം, ഭിന്നശേഷി ക്ഷേമം, ഭിന്നലിംഗ ക്ഷേമം** | | |
| 57 | അംഗൻവാടി അനുപൂരക പോഷകാഹാര പരിപാടി | 2200000 |
| 58 | അങ്കണവാടി കുട്ടികളുടെ കലാമേള | 30000 |
| 59 | അംഗൻവാടിക്ക് വൈഫൈ കണക്ഷൻ | 12000 |
| 60 | ബാലസൌഹൃദ്ദ പഞ്ചായത്ത് തുടർ പ്രവർത്തനങ്ങൾ | 200000 |
| 61 | അംഗൻവാടിക്ക് കളിയുപകരണങ്ങൾ | 100000 |
| 62 | അംഗൻവാടിക്ക് അഗ്നിശമന ഉപകരണം വാങ്ങൽ | 30000 |
| 63 | അംഗൻവാടിക്ക് വെയിംഗ് മെഷീൻ | 40000 |
| 64 | ശാരീരിക മാനസീക വെല്ലുവിളികൾനേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 2000000 |
| 65 | ഭിന്നശേഷിക്കാർക്ക് മെഡിക്കൽ ക്യാമ്പും ഉപകരണങ്ങൾവിതരണം ചെയ്യലും | 200000 |

| | | |
|---|---|---|
| 66 | ഭിന്നശേഷി സംഗമം | 160000 |
| | ശിശുക്ഷേമം, ഭിന്നശേഷി ക്ഷേമം ആകെ | **4972000** |
| **വയോജനക്ഷേമം, പാലിയേറ്റീവ് കെയർ** | | |
| 68 | വയോജന സംഗമം | 50000 |
| 69 | വയോജനങ്ങൾക്ക് മെഡിക്കൽ ക്യാമ്പും ഉപകരണങ്ങൾ വിതരണം ചെയ്യലും | 250000 |
| 70 | വയോജനങ്ങൾക്ക് കട്ടിൽ | 300000 |
| 71 | പട്ടികജാതി വയോജനങ്ങൾക്ക് കട്ടിൽ | 129000 |
| 72 | പെയിൻ ആൻഡ്പാലിയേറ്റിവ് കെയർ | 1383500 |
| 73 | ഡയാലിസിസ് ചെയ്യുന്ന വൃക്ക രോഗികൾക്ക് ധനസഹായം | 220000 |
| 74 | ക്യാൻസർരോഗികൾക്ക് ധനസഹായം | 500000 |
| | വയോജനക്ഷേമം, പാലിയേറ്റീവ് കെയർ ആകെ | **2832500** |
| **വനിതാക്ഷേമം** | | |
| 75 | അംഗൻവാടി കേന്ദ്രീകരിച്ച് ജാഗ്രതാ സമിതി പരാതിപ്പെട്ടി സ്ഥാപിക്കൽ | 40000 |
| 76 | ജാഗ്രതാ സമിതി പ്രവർത്തനങ്ങൾ | 180000 |
| 77 | സുമംഗലി – പെൺകുട്ടികൾക്ക് വൈവാഹിക മുന്നൊരുക്ക കോഴ്സ് | 15000 |
| 78 | പട്ടിക ജാതി പെൺകുട്ടികൾക്ക് വിവാഹ ധനസഹായം | 250000 |
| 80 | ഈസി കിച്ചൺ | 150000 |
| | **വനിതാക്ഷേമം ആകെ** | **635000** |
| **പാർപ്പിടം (ലൈഫ് മിഷൻ)** | | |
| 81 | ലൈഫ് ഭൂരഹിത ഭവന രഹിതർക്ക് സ്ഥലം വാങ്ങൽ ജനറൽ | 2000000 |
| 82 | ലൈഫ് ഭൂമിയുള്ള ഭവന രഹിതർക്ക് ഭവന നിർമാണം ജനറൽ | 8000000 |
| 83 | ലൈഫ് ഭൂമിയുള്ള ഭവന രഹിതർക്ക് ഭവന നിർമാണം എസ് സി | 2000000 |

| | | |
|---|---|---|
| 84 | വീട് വാസയോഗ്യമാക്കൽ എസ് സി | 2000000 |
| 85 | ഭൂരഹിത ഭവന രഹിതർക്ക് സ്ഥലം വാങ്ങൽ എസ് സി | 1000000 |
| 86 | വീട് വാസയോഗ്യമാക്കൽ ജനറൽ | 3000000 |
| 87 | പി എം എ വൈ ഗ്രാമീൺ ബ്ലോക്കിന് വിഹിതം കൈമാറൽ | 700000 |
| 88 | പി എം എ വൈ ഗ്രാമീണ് വിഹിതം ബ്ലോക്കിന് കൈമാറൽ എസ് സി | 90000 |
| | **പാർപ്പിടം(ലൈഫ് മിഷൻ) ആകെ** | **18790000** |
| | **ജൈവവൈവിദ്ധ്യം, പരിസ്ഥിതി, ദുരന്ത നിവാരണം** | |
| 89 | നവകേരളം കർമ്മപദ്ധതി-നെറ്റ് സീറോ കാർബൺ | 100000 |
| 90 | ബയോ ഡൈവേഴ്സിറ്റി രജിസ്റ്റൽ രണ്ടാംഭാഗം പ്രസിദ്ധീകരിക്കൽ | 20000 |
| | **ജൈവവൈവിദ്ധ്യം, പരിസ്ഥിതി, ദുരന്ത നിവാരണം ആകെ** | **120000** |
| | **ദാരിദ്ര്യ നിർമ്മാർജ്ജനം** | |
| 91 | അതി ദരിദ്ര മൈക്രോ പ്ലാൻ മരുന്ന് വാങ്ങൽ | 10000 |
| | **ദാരിദ്ര്യ നിർമ്മാർജ്ജനം ആകെ** | 10000 |

**ആസ്തി, സർവ്വേ, പഠനം, ഓഫീസ് പ്രവർത്തനങ്ങൾ**

| | | |
|---|---|---|
| 92 | ഇന്ഫർമേഷന് കേരള മിഷന് പഞ്ചായത്ത വിഹിതം നല്കൽ | 100000 |
| 93 | പദ്ധതി നിർവ്വഹണം രൂപീകരണം മോണിട്ടറിങ്ങ് | 300000 |
| 94 | ആസ്തി സംരക്ഷണം | 200000 |
| 95 | ഐ എസ് ഒ സർട്ടിഫിക്കേഷൻ ആൻറ് ഓഡിറ്റ് | 50000 |
| 96 | പ്രോജക്ട് അസിസ്റ്റൻറ് വേതനം 2025-26 | 280920 |
| 97 | ടെക്നിക്കൽ അസിസ്റ്റൻറ് വേതനം 2025-26 | 390600 |
| 98 | ഗ്രാമപഞ്ചായത്ത് 2026- സോഷ്യൽ മീഡിയ നവമാധ്യമ പ്രവർത്തനം | 100000 |
| 99 | പഞ്ചായത്ത് ഓഫീസിലേക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ 26-27 | 413480 |

| | | |
|---|---|---|
| 100 | പഞ്ചായത്ത് ഓഫീസിലെ കെ.കെ.സുരേന്ദ്രൻ സ്മാരക ഹാൾ നവീകരണം | 3500000 |
| 101 | പഞ്ചായത്ത് ഓഫീസ് സോളാർ പനാൽ സ്ഥാപിക്കൽ | 1500000 |
| 102 | കെട്ടിട നമ്പർ അടിക്കൽ | 850000 |
| 103 | പ്രോജക്ടർ/ ടി വി വാങ്ങൽ മീറ്റിങ്ങ് ഹാൾ | 0 |
| | **ആസ്തി, സർവ്വേ, പഠനം, ഓഫീസ് പ്രവർത്തനങ്ങൾ ആകെ** | 7685000 |
| | സേവിന മേഖല ആകെ | **42993800** |
| | **പശ്ചാത്തല മേഖല** | |

**ഊർജ്ജം**

| | | |
|---|---|---|
| 104 | ഇലക്ട്രിക്ക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കല് 2026-27 | 300000 |
| 105 | വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ 2026-27 | 800000 |
| 106 | തെരുവ് വിളക്കുകളുടെ അറ്റകുറ്റപ്പണി 2026-27 | 1000000 |
| 107 | വിവിധ വാർഡുകളിൽ സ്ട്രീറ്റ് മെയിൻ വലിക്കൽ 2026-27 | 2750000 |
| | **ഊർജ്ജം ആകെ** | **4850000** |

**റോഡുകൾ, പാലങ്ങൾ**

| | | |
|---|---|---|
| 108 | മാറ്റാം പുറം ഫ്ലാറ്റ് വഴി,പൂളാക്കൾ എസ്റ്റേറ്റ് റോഡ് , മാറ്റാംപുറം- പൂളാക്കൽ എസ്റ്റേറ്റ് റോഡ് റീ ടാറിങ് | 1200000 |
| 111 | പഴയ മൃഗാശുപത്രി വഴി റോഡ് നിർമ്മാണം | 1000000 |
| 114 | ദീർധാനി റോഡ്, ഐശ്വര്യ നഗർ റോഡ്, ചൈതന്യ ഗാർഡൻ റോഡ്, അക്കരപ്പുറം പഞ്ചായത്ത് ഓഫീസ് റോഡ് റീടാറിങ്ങ് | 1500000 |
| 115 | ഗ്രീൻലാൻഡ് റോഡ് നിർമ്മാണം | 1000000 |
| 116 | പേരാമ്പലം റിംഗ് റോഡ്, വാരിക്കുളം തുമ്പിയാംകുഴി റോഡ്, കട്ടിലപൂവം ചാപ്പൽ പള്ളിത്തൊഴുത്താല റോഡ് റീടാറിങ് | 1200000 |

| | | |
|---|---|---|
| 117 | പേര- സൗഹൃദ റോഡ് നിർമ്മാണം | 1000000 |
| 118 | ചെട്ടിക്കാട് പോപ് നഗർ റോഡ് , വെറ്റിലപ്പാറ റോഡ് റീടാറിങ്ങ് | 1000000 |
| 119 | അനുഗ്രഹ നഗർ  റോഡ് | 1000000 |
| 120 | പുല്ലംകണ്ടം -തെക്കേക്കര റോഡ്, തൊഴുതാല ഇ.എം.എസ് റോഡ്  റീടാറിങ്ങ് | 1255000 |
| 121 | കച്ചിത്തോട്- നിന്നുകുഴി റോഡ്, വാരികുളം- നിന്നുകുഴി- താടികുന്ന് റോഡ് റീടാറിങ്ങ് | 1200000 |
| 122 | എ പി കെ റോഡ്  റോഡ് നിർമ്മാണം | 1000000 |
| 123 | ആനന്ദനഗർ പീലിമൂല കനാൽ ബണ്ട് റോഡ്, ചിറക്കാക്കോട് അത്താണി ബൈലൈൻ, ചിറക്കാക്കാട് ശ്രീനാരായണ റോ്, മഹാത്മ റോഡ്  റീടാറിങ്ങ് | 1200000 |
| 124 | 6--ാം അംഗനവാടി റോഡ് നിർമ്മാണം | 1000000 |
| 125 | ആനന്ദ നഗർ പുല്ലുകുളം റോഡ്, ചെറിയകനാൽ ബണ്ട് റോഡ്, പാണ്ടിപറമ്പ് തണ്ണിച്ചാൽ റോഡ്, പാണ്ടിപറമ്പ് സുനിൽ കുമാർ റോഡ് റീടാറിങ്ങ് | 1200000 |
| 128 | തെങ്ങ് വരമ്പ് ഉപറോഡ് | 1000000 |
| 130 | വാർഡ് 8 ലെ പകൽ വീടിന്റെ  ചുറ്റുമതിൽ നിർമ്മാണം | 100000 |
| 131 | പൈനാപ്പിൾ കുറ്റിക്കാട് മാങ്ങോട് വഴി ഏഴാം നമ്പർ അംഗനവാടി റോഡ് | 1000000 |
| 132 | റിക്രിയേഷൻ ക്ലബ് വലതുവശം, ഇടതുവശം റോഡ് കോൺക്രീ റ്റ് | 1000000 |
| 133 | ചോണോട്ടുപാടം റോഡ്, കോട്ടേപ്പാടം റോഡ് | 1200000 |
| 134 | അംഗനവാടി , കോട്ടേപ്പാടം വിശ്വൻ വഴി(വാർഡ് 10) | 1000000 |
| 135 | പ്ലസന്റ് അവന്യൂ റോഡ്, കോട്ടേപ്പാടം മെയിൻ റോഡ്, വൃന്ദാവൻ റോഡ്, കൈരളി നഗർ മെയിൻ റോഡ് (കട്ട വിരിച്ചത്), വിദ്യാനഗർ സെക്കന്റ് , തേർഡ് സ്ട്രീറ്റ്,  അനുറാം നഗർ( അംഗനവാടി), കോണഅക്രീറ്റ് റോഡ്, ന്യൂലാന്റ് റോഡ് | 1500000 |
| 136 | കൈരളി നഗർ ഉപറോഡ് സെക്കൻറ് സ്ട്രീറ്റ്, ബോസ്കോ നഗർ വലത് ഉപറോഡ് | 1000000 |

| | | |
|---|---|---|
| 137 | പുത്തൻമഠത്തിൽ റോഡ്, ജോതിസ് റോഡ്, ഹരിത റോഡ്, വടക്കുട്ട് ലൈൻ, തൃപ്പാക്കൽ ലൈൻ, ശിവമായ റോഡ്, അങ്കണവാടി കല്ലട റോഡ് | 1500000 |
| 138 | ടാഗോർ ലൈൻ | 1000000 |
| 139 | മനക്കുളംപറമ്പിൽ റോഡ്, ഐക്യ നഗർ റോഡ്, ഹെൽത്ത് സെൻ്റർ ബൈലൈൻ10 വീട് റോഡ് | 1200000 |
| 140 | കല്ലട റോഡ് | 1000000 |
| 141 | ലക്ഷംവീട് ബൈലൈൻ റോഡ്, ശാന്തിനഗർ, പട്ടത്ത് ലൈൻ, കാരുണ്യ നഗർ, കുന്നത്തേരിതാഴം റിങ്ങ് റോഡ്, പണിക്കർ റോഡ്, ലക്ഷം വീട് ബൈലൈൻ റോഡ് | 1500000 |
| 142 | പ്ലാവളപ്പിൽ റോഡ് | 1000000 |
| 143 | മൈത്രി നഗർ റോഡ്, ചെല്ലിപ്പാടം റോഡ്, കിഴക്കുമുറി റോഡ്, കുറ്റിക്കാട് റോഡ്, കുറ്റിക്കാട് ഫാം റോഡ് | 1500000 |
| 144 | ഇ.കെ.നായനാർ ബൈലൈൻ റോഡ് – I | 1000000 |
| 145 | SC ഉന്നതി റോഡ്, അഗസ്ത്യനഗർ 1 സ്ട്രീറ്റ്, അഗസ്ത്യ നഗർ  സ്ട്രീറ്റ്, കല്ലായി അംഗൻവാടി റോഡ്, രാധ റോഡ്, പാൽസൊസൈറ്റി,  ഹോമിയോ റോഡ് | 1500000 |
| 146 | ഐശ്വര്യനഗർ റോഡ്(വാർഡ് 16) | 1000000 |
| 147 | പെരുന്താണി റോഡ്, വെള്ളാനിശ്ശേരി–ചോണംകിണർ റോഡ്, കോതറ പട്ടത്താഴത്ത് വഴി, കോതറ കനാൽ വഴി, വിഷ്ണുനഗർ റോഡ് | 1500000 |
| 148 | ഗ്രീൻ റോഡ് | 1000000 |
| 149 | നെഹ്റു നഗർ, തിയ്യത്ത് ബൈലൈൻ, പുതുവത്ത് ബൈലൈൻ, പേരേപ്പാടം ബൈലൈൻ, സബ് സെൻ്റർ | 1200000 |
| 150 | കടവാരം കടവ് നിർമ്മാണം | 500000 |

| | | |
|---|---|---|
| 151 | കർണ്ണികാരം ബൈലൈൻ റോഡ് | 1000000 |
| | വിവിധ റോഡുകളുടെ അടിയന്തിര അറ്റകുറ്റ പണികൾ | 1000000 |
| 125 | മാടക്കത്തറ കുടുംബാരോഗ്യകേന്ദ്രം ഇലക്ട്രിഫിക്കേഷൻ | 200000 |
| 153 | ഗ്രാമപഞ്ചായത്ത്  ഓഫീസ് മുറ്റം ഉയർത്തി ടൈൽ ഇടൽ | 1000000 |
| 154 | താണിക്കുടം മൃഗാശുപത്രി മെയിന്റനൻസ് | 500000 |
| 155 | ഹോമിയോ ആശുപത്രി മെയിൻറനൻസ് | 450000 |
| 156 | വിവിധ അംഗനവാടികളുടെ അറ്റകുറ്റപണികൾ | 2098000 |
| | റോഡുകൾ, പാലങ്ങൾ ആകെ | 46203000 |
| | പശ്ചാത്തല മേഖല ആകെ | **51053000** |